VERAPOLY

ARCHDIOCESAN GAZETTE

# വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. XXXXII 2008 September 24 No .8


CIRCULAR - 14

## ജപമാലഭക്തി

*വന്ദ്യവൈദികരേ, സന്യാസസഹോദരന്മാരേ സഹോദരികളേ, വത്സലമക്കളേ,*

മറിയത്തോടൊപ്പം തീർത്ഥയാത്ര നടത്തുന്നവരാണ് ക്രൈസ്തവർ. ക്രിസ്തുവിൽ നിന്ന് ക്രിസ്തുവിലൂടെ ക്രിസ്തുവിലേക്കുള്ള ഈ യാത്രയിൽ അമ്മ വഴികാട്ടിയും വഴിവിളക്കുമാണ്.

പരിശുദ്ധഅമ്മ പകർന്നുതരുന്ന വെട്ടത്തിൽ യേശു രഹസ്യം ധ്യാനിക്കലാണ് ജപമാല ചൊല്ലൽ. ജപമാലയെ സ്വർഗ്ഗത്തെയും ഭൂമിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ചരട് എന്നാണ് സഭാപിതാക്കന്മാർ വിളിച്ചിരുന്നത്. 'ജപമാലയുടെ ഓരോ രഹസ്യവും വിശ്വസ്തതാപൂർവ്വം ധ്യാനിക്കുന്നവർക്ക് താബോർമലയിലെപോലെ വെളിച്ചത്താൽ നിറയപ്പെടുന്ന അനുഭവമുണ്ടാകും' എന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതി. പ്രകാശം പരത്തി എങ്ങും ചുറ്റി സഞ്ചരിച്ച അദ്ദേഹത്തിന്റെ



ജപമാലഭക്തി ഏറെ പ്രശസ്തമായിരുന്നല്ലോ. 'വിശുദ്ധിയുടെ വളർച്ചയിലേക്കുള്ള യഥാർത്ഥ പാതയാണ് ജപമാല' എന്നും അദ്ദേഹം നമ്മെ ഓർമ്മപ്പെടുത്തുന്നു. 'ദിനംപ്രതി ജപമാല ചൊല്ലുന്നവർ ഒരിക്കലും വഴിതെറ്റിപ്പോവുകയില്ല. ഈ പ്രസ്താവന എന്റെ രക്തംകൊണ്ടുതന്നെ എഴുതി ഒപ്പിടാൻ എനിക്കു സന്തോഷമേയുള്ളൂ' എന്നാണ് വി. ലൂയി ഡി മോണ്ട്ഫോർട്ട് പ്രസ്താവിച്ചിട്ടുള്ളത്.

ജപമാലയാചരണം നമ്മുടെ പ്രാർത്ഥനാജീവിതത്തിലെ അവിഭാജ്യമായ ഘടകമാണ്. സന്ധ്യാപ്രാർത്ഥനകളും കൊന്തചൊല്ലലും, മാസവണക്കപ്രാർത്ഥനകളും മുടങ്ങാതിരിക്കാൻ ഏറെ നിഷ്ഠ പുലർത്തിയിരുന്ന പാരമ്പര്യമാണ് നമ്മുടെ കുടുംബങ്ങൾക്കുണ്ടായിരുന്നത്. എന്നാൽ ഇന്ന് അനാവശ്യതിരക്കുകളുടെ പേരിൽ പലരും കുടുംബജീവിതത്തിൽ നിന്നു മാറ്റിവെക്കുന്നത് ഇത്തരം പ്രാർത്ഥനകൾ തന്നെയാണ്. വിലകുറഞ്ഞ വിനോദപരിപാടികളും മറ്റുമാണ് പല കുടുംബങ്ങളിലെയും വൈകുന്നേരങ്ങളെ അപഹരിക്കുന്നത്. വിലയുറ്റതിനെ മാറ്റിനിർത്തി വിലയറ്റതിന്റെ പിന്നാലെ പോകുന്ന പ്രവണത എത്ര സങ്കടകരമാണ്! 'ഒന്നിച്ച് കൊന്തനമസ്ക്കാരം ചൊല്ലുന്ന കുടുംബം നസ്രത്തിലെ തിരുക്കുടുംബത്തെ പുനരവതരിപ്പിക്കുന്നു' എന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതിയത് എത്രയോ സത്യമാണ്!

മാർപാപ്പയായി അവരോധിക്കപ്പെടുമ്പോൾ പതിമൂന്നാം ലെയോ മാർപാപ്പ പറഞ്ഞു "ഞാൻ ഈ സിംഹാസനത്തിലേക്ക് അവരോധിക്കപ്പെട്ടപ്പോൾ കൊണ്ടുവന്നിരിക്കുന്നത് എനിക്കെന്റെ അമ്മ തന്നിട്ടുള്ളതു മാത്രമാണ് - ദൈവമാതൃഭക്തിയും, ജപമാലയും: ഉത്തരീയം ധരിക്കുകയും ജപമാല കൈവശംകൊണ്ടുനടക്കുകയും അതൊരു പരിചയായി പരിഗണിക്കുകയും ചെയ്തിരുന്ന ക്രൈസ്തവരുടെ എണ്ണം കുറയുന്നത് നമ്മെ അസ്വസ്ഥരാക്കേണ്ടതല്ലേ? കനിവിന്റെ മാലാഖ എന്നു ലോകം വാഴ്ത്തിപ്പാടിയ മദർ തെരേസ ആവർത്തിച്ചു പറയുമായിരുന്നു, "ദിവസവുമുള്ള ദിവ്യകാരുണ്യസ്വീകരണവും പരിശുദ്ധ കന്യകാമാതാവിനോടുള്ള ജപമാല പ്രാർത്ഥനയുമാണ് തന്റെ പ്രവർത്തനവേദിയിലെ ശക്തിയെന്ന്". തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട വിശുദ്ധ പാരമ്പര്യങ്ങൾ നമുക്കു മുറുകെ പിടിക്കാം.

നമ്മുടെ നാട് പലവിധ പ്രതിസന്ധികളിൽ പെട്ട് വലയുന്ന കാലമാണിത്. പരോക്ഷമായും പ്രത്യക്ഷമായും ക്രൈസ്തവസമൂഹം വേട്ടയാടപ്പെടുന്നു. ക്രിസ്തു വീണ്ടും വീണ്ടും ക്രൂശിക്കപ്പെടുന്നു. നിസ്സഹായരും നിരാലംബരുമായ ശിഷ്യഗണത്തെ പോലെയാണ് നാം. നമ്മെ പെന്തക്കോസ്താനുഭവത്തിലേക്കു നയിക്കാൻ മാതാവിനു മാത്രമെ സാധിക്കൂ. കൊന്തനമസ്ക്കാരം കുടുംബസമാധാനത്തിനും കുടുംബ ഐക്യത്തിനും വേണ്ടിയുള്ള ഒരു പ്രാർത്ഥനകൂടിയാണ്. അക്രമം കൊണ്ടല്ല അക്രമത്തെ നേരിടേണ്ടത്. ക്ഷമിക്കുന്ന സ്നേഹമാകണം നമ്മെ നയിക്കേണ്ടത്. അതേ സമയം നീതിക്കുവേണ്ടി നിലകൊള്ളാനുള്ള ധൈര്യം നാം ആർജ്ജിക്കുകയും വേണം. ക്ഷമക്കും ധൈര്യത്തിനും വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

ഒരു കാര്യം തീർച്ചയുണ്ട്: ആരാധനാലയങ്ങൾ തകർക്കുവാൻ ആളുകൾക്ക് കഴിഞ്ഞേക്കാം എന്നാൽ ആത്മീയത തകർത്തെറിയാൻ അവർക്കാവില്ല. വിശ്വാസികളെ കൊല്ലാൻ ആളുകൾക്ക് കഴിഞ്ഞേക്കാം എന്നാൽ വിശ്വാസത്തെ കൊല്ലാൻ അവർക്കാവില്ല. അതിനാൽ തളരാതെ, തകരാതെ മാതാവിനൊപ്പം നമുക്കു മുന്നേറാം. ഈ കൊന്തമാസം ഏറ്റം ഭംഗിയായി ആചരിക്കാൻ നമുക്ക് പരിശ്രമിക്കാം. കൂടാതെ, പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തീർത്ഥാടനം ഏറ്റം ഭംഗിയാക്കി തീർക്കാൻ സഹകരിച്ച എല്ലാവർക്കും ഈ അവസരത്തിൽ ഞാൻ നന്ദി നേരുകയാണ്. പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥ അനുഗ്രഹം നിങ്ങൾക്കേവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിരൂപതാമെത്രാസന മന്ദിരത്തിൽനിന്ന്,

എറണാകുളം
24.09.2008

**X ഡാനിയേൽ അച്ചാരുപറമ്പിൽ**
വരാപ്പുഴ മെത്രാപ്പോലീത്ത

---

N.B. ഈ ഇടയലേഖനം 2008 സെപ്തംബർ 28-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

Printed and Published Fr.Jose Chelangara
Vimala Social Service Centre, Kakkanad - 21